ശ്രീ. കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് സ്ത്രീകളെ തട്ടിക്കൊണ്ടുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്

(ബി) 234 കേസുകൾ.

കൂർഗിലെ മലയാളികൾക്കെതിരെയുള്ള ആക്രമണം

25. [41] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടക സംസ്ഥാനത്ത് കൂർഗ് ജില്ലയിൽ മലയാളികൾക്കെതിരെ നടക്കുന്ന സംഘടിതമായ ആക്രമണങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലയാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഗവൺമെൻറ് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർണ്ണാടക സംസ്ഥാനത്ത് താമസമായിട്ടുള്ള എല്ലാ കേരളീയരുടേയും ജീവനും സ്വത്തിനും പൂർണ്ണസംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ടെലിപ്രിൻറർ സന്ദേശം വഴിയും കത്തുമുഖേനയും കർണ്ണാടക മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെൻറ് ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ആഭ്യന്തരവകുപ്പു മന്ത്രിക്കും മുഖ്യമന്ത്രിക്കും സന്ദേശം അയച്ചിട്ടുണ്ട്. ആ പ്രദേശത്തുള്ള എല്ലാവരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതാണെന്നും ഉറപ്പു കർണ്ണാടകമുഖ്യമന്ത്രി തന്നിട്ടുണ്ട്.

കള്ളനോട്ടടി കേസുകൾ

26. [42] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തു കള്ളനോട്ടടി സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; എത്ര പേരെ ശിക്ഷിച്ചു ?

ഉത്തരം

(എ) 388

(ബി) 105 പേരെ അറസ്റ്റു ചെയ്തു ആരേയും ശിക്ഷിച്ചിട്ടില്ല.

വർഗ്ഗീയ സംഘട്ടനങ്ങൾ

27. [45] : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്ത് എവിടെയെങ്കിലും വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്

(ബി) 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തൊട്ടാകെ 366 വർഗ്ഗീയ സംഘട്ടനങ്ങളും നടന്നു.

പിറവം ഫയർ സ്റ്റേഷൻ

28. [46] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പിറവം ഫയർ സ്റ്റേഷനു പുതിയ കെട്ടിടവും ക്വാർട്ടേഴ്സും പണിയുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പിറവം ഫയർ സ്റ്റേഷനു പുതിയ കെട്ടിടവും ക്വാർട്ടേഴ്സും പണിയുന്നതിനാവശ്യമായ സ്ഥലം നാളിതുവരെ ലഭ്യമായിട്ടില്ല.

ചോറ്റാനിക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ

29. [47] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ചോറ്റാനിക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ ആവശ്യകത കണക്കിലെടുത്ത് ഈ വർഷംതന്നെ ഈ ആവശ്യം നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) മുളംതുരുത്തി പോലീസ് സ്റ്റേഷനിൽ നിന്നും, ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽനിന്നും അധികം ദൂരെയല്ലാത്തതും, ക്രമസമാധനത്തിന്റെ കാര്യത്തിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലാത്തതുമായ ചോറ്റാനിക്കരയിൽ പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ആലുവായിൽ സബ് കോടതി

30. [48] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ മേഖലകൂടിയായ ആലുവായിൽ ഒരു സബ് കോടതി ആരംഭിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ബി) ആലുവായുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത കോടതി സ്ഥാപിക്കുവാൻ ആലുവായ്ക്ക് മുൻഗണന നൽകുമോ ?

ഉത്തരം

(എ, ബി) ഹൈക്കോടതി മുൻഗണന ക്രമത്തിൽ തയ്യാറാക്കി ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പുതിയ കോടതികളും തുടങ്ങുന്നത്. ആലുവയിൽ പ്രത്യേകം ഒരു സബ് കോടതി തുടങ്ങേണ്ട ആവശ്യമുണ്ടെന്നു ഗവൺമെന്റ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly